# പ്രാദേശികചരിത്രരചനയ്ക്ക് ഒരു ദലിത് വീക്ഷണം

**ഡോ. വിനിൽ പോൾ**
അസിസ്റ്റന്റ് പ്രൊഫസ്സർ, ചരിത്രവിഭാഗം
ഫാത്തിമാ മാതാ നാഷണൽ കോളേജ്, കൊല്ലം

**പ്രബന്ധസംഗ്രഹം**

കേരളത്തിന്റെ പശ്ചാത്തലത്തിൽ, പ്രത്യേകിച്ച് പ്രാദേശികചരിത്രത്തിന്റെ ചട്ടക്കൂടിനുള്ളിൽ ദലിത് വീക്ഷണങ്ങളെ ഉൾപ്പെടുത്തുന്നതിന്റെ പ്രാധാന്യത്തെയാണ് ഈ ലേഖനം പരിശോധിക്കുന്നത്. പ്രാദേശികചരിത്രത്തെ നിർവചിക്കുകയും മുഖ്യധാരാ ചരിത്രങ്ങളിൽ അല്ലെങ്കിൽ ദേശീയചരിത്രങ്ങളിൽ നിന്ന് അതിനെ വേർതിരിക്കുകയും, ദൈനംദിന ജീവിതം, പ്രാദേശിക അനുഭവങ്ങൾ, സമൂഹ-നിർദ്ദിഷ്ട ആഖ്യാനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്ന ഈ പഠനം കേരളത്തിലെ പ്രാദേശികചരിത്രത്തിന്റെ ആവിർഭാവത്തെ കണ്ടെത്തുവാൻ ശ്രമിക്കുകയും നിലവിലെ ചരിത്രരചനകളോടു ചില ചോദ്യങ്ങൾ ചോദിക്കുവാനും ശ്രമിക്കുന്നു. ദലിത് സമൂഹങ്ങളുടെ ചരിത്രത്തെ, പ്രത്യേകിച്ച് അനുഭവങ്ങളെയും പോരാട്ടങ്ങളെയും മനസ്സിലാക്കുന്നതിൽ മാർഗ്ഗനിർദ്ദേശ തത്വമായി വർത്തിക്കുന്ന മനുഷ്യാന്തസ്സ് എന്ന ആശയമാണ് ഈ ലേഖനത്തിന്റെ കേന്ദ്രബിന്ദു. കേരളത്തിന്റെ ഭൂതകാലത്തെ രൂപപ്പെടുത്തുന്നതിൽ ദലിത് സമൂഹങ്ങളുടെ ഏജൻസിയും സംഭാവനകളും അംഗീകരിക്കുന്ന നീതിയുക്തമായ ഒരു ചരിത്രരചനാസമ്പ്രദായത്തിനായി ഈ ലേഖനം വാദിക്കുന്നു.

**സൂത്രവാക്കുകൾ**

പ്രാദേശികചരിത്രം, ദലിതുചരിത്രം, മനുഷ്യാന്തസ്സ്, അംഗീകാരം, സ്രോതസ്സുകൾ, കേരളചരിത്രരചന

**ച**രിത്രമെന്ന വിജ്ഞാനശാഖ വ്യത്യസ്തരൂപങ്ങൾ കൈവരിച്ചുകൊണ്ട് സൈദ്ധാന്തിക അടിത്തറയിൽ ഭൂതകാലത്തെയും സമകാലിക സാമൂഹികബന്ധങ്ങളെയും നിർവചിക്കാൻ ശ്രമിക്കാറുണ്ട്. ഇത്തരത്തിൽ പുതുക്കപ്പെട്ടുകൊണ്ടിരിക്കുന്ന ചരിത്രരചനയിലെ ഒരു പരിപ്രേക്ഷ്യമാണ് പ്രാദേശികചരിത്രരചന. അവസാന അൻപതു വർഷങ്ങൾക്കിടയിൽ യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ എന്നിവടങ്ങളിൽ സജീവമായ പ്രാദേശികചരിത്രരചനാപദ്ധതി വളരെ വേഗത്തിൽ അക്കാദമികവൃത്തങ്ങളിലും ഏഷ്യ, ആഫ്രിക്ക ഉൾപ്പെടെയുള്ള ഭൂഖണ്ഡങ്ങളിലെ അക്കാദമിക രംഗത്തേക്കും വേഗത്തിൽ പടർന്നുപിടിച്ചു. ഈ കാരണത്താൽ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ പ്രാദേശികചരിത്രകൃതികൾ ഇല്ലായിരുന്നു എന്ന് അർത്ഥമില്ല, മറിച്ച് ഒരു അക്കാദമികപദ്ധതി എന്ന നിലയിൽ ഇന്ത്യയിൽ വികസിക്കപ്പെട്ടിരുന്നില്ല എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്. അതോടൊപ്പം പ്രാദേശികചരിത്രരചനയ്ക്കു നേർക്ക്, പ്രത്യേകിച്ച് ഗ്ലോബൽ ഹിസ്റ്ററി പോലുള്ള ചരിത്രരചനയിലെ ശാഖകൾ നിരവധി വിമർശനങ്ങൾ ഉന്നയിക്കുന്നുണ്ട്. മറ്റൊരു കൂട്ടം ചരിത്രകാരന്മാർ ആകട്ടെ പ്രാദേശികത സാധ്യമല്ലെന്ന് തന്നെ വാദിക്കുന്നുമുണ്ട്. ചരിത്രത്തിൽ പ്രദേശങ്ങൾ നിലനിൽക്കുന്നില്ലെന്നും ലോകത്തിലെ ഏതൊരു ചരിത്രത്തെ കുറിച്ച് നാം ആലോചിച്ചാലും അതിൽ കേവലമായ ഒരു പ്രദേശം മാത്രമായി നിലനിൽക്കില്ല എന്നും ചരിത്രകാരന്മാർ വിമർശനം മുന്നോട്ടു വെച്ചിട്ടുണ്ട്. എന്തായാലും നിരവധി വിമർശനങ്ങളുടെ മധ്യത്തിലും പ്രാദേശികചരിത്രരചനയുമായി ബന്ധപ്പെട്ട് International Journal of Regional and Local History (Histories of People and Place), The Local Historian പോലുള്ള അക്കാദമിക ജേണലുകളിൽ പ്രബന്ധങ്ങളും നിരവധി പുസ്തകങ്ങളും ലോകമെമ്പാടും പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. തെക്കേ ഏഷ്യയുടെ അക്കാദമിക രംഗത്തും പ്രാദേശികചരിത്രരചന വളരെ സജീവമാണ്. ഇന്ത്യയിലെ ചരിത്രരചനകളിൽ പ്രാദേശികത എന്ന സങ്കൽപ്പത്തിനെ സൂക്ഷ്മമായി അന്വേഷിക്കുന്ന സമീപകാല പഠനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് സെൻഗുപ്ത, റ്റിസ്റ്റ ദാസ് എന്നി

വർ എഡിറ്റ് ചെയ്ത Rethinking the Local in Indian History Perspectives from Southern Bengal (2022) എന്ന പുസ്തകം. ബംഗാളിനെ മുൻനിർത്തിയുള്ള സൂക്ഷ്മാന്വേഷണത്തിലൂടെ ലോകമെമ്പാടുമുള്ള വ്യത്യസ്തധാരകൾ ഒരു പ്രദേശത്തിന്റെ വൈവിധ്യമാർന്ന ചരിത്രങ്ങൾ സൃഷ്ടിക്കുന്നതിനു വഹിച്ച പങ്കിനെ അന്വേഷിക്കുന്ന പഠനങ്ങളാണ് പ്രസ്തുത പുസ്തകത്തിന്റെ ഉള്ളടക്കം. കേരളത്തിലും പ്രാദേശികചരിത്രരചന വളരെ ഗൗരവമായിതന്നെ നിലനിൽക്കുന്നുണ്ട്.

**കേരളത്തിലെ പ്രാദേശികചരിത്രരചനകൾ**

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ബ്രിട്ടീഷ് കൊളോണിയൽ ഉദ്യോഗസ്ഥരുടെയും മിഷനറി പ്രവർത്തകരുടെയും ഔദ്യോഗിക ആവശ്യങ്ങൾക്കായി അവർ വിപുലമായ രീതിയിൽ പ്രാദേശികചരിത്രങ്ങൾ തയ്യാറാക്കുകയുണ്ടായി. ഗിൽബെർട്ട് സ്ലയിറ്റർ, ജോൺ കെയിലി തുടങ്ങിയവരുടെ കൃതികൾ ഈ മേഖലയിലെ ആദ്യകാല ശ്രമങ്ങളെന്ന നിലയിൽ കാണാവുന്നതാണ് (Caley, 1905; Slater, 1918). സർവ്വേ മാതൃകയിൽ തയ്യാറാക്കിയതും വിശകലനങ്ങൾ നന്നേ കുറവായിരുന്നെങ്കിലും ഗിൽബെർട് സ്ലയിറ്റർ എഡിറ്റ് ചെയ്തിരിക്കുന്ന ഗ്രാമീണമേഖലകളുടെ സാമ്പത്തിക കാര്യങ്ങളെകുറിച്ചുള്ള പഠനങ്ങൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്നുണ്ട്. കൊച്ചി രാജ്യത്തെ വടക്കാഞ്ചേരിയെ കുറിച്ച് എസ്. സുബ്രഹ്മ അയ്യരുടെ പഠനവും, മലബാർ ജില്ലയിലെ ഗുരുവായൂരിനെ സംബന്ധിച്ച വി. ലക്ഷ്മണ അയ്യർ നടത്തിയ പഠനവും, എ. കൃഷ്ണവാര്യർ തയ്യാറാക്കിയ മലബാർ ജില്ലയിലെ കോതച്ചിറ വില്ലേജിന്റെ സാമ്പത്തികചരിത്രപഠനവും, മലബാർ ജില്ലയിലെ വാടാനാംകുറിശ്ശിയെ സംബന്ധിച്ച എൻ. സുന്ദര അയ്യരുടെ പഠനവുമാണ് 1918-ൽ പ്രസിദ്ധീകരിക്കപ്പെട്ട സ്ലയിറ്ററുടെ കൃതിയിൽ ഇടംപിടിച്ചത്. സി.എം.എസ് മിഷനറിയായ ജോൺ കെയിലിയുടെ പുസ്തകമാകട്ടെ മിഷനറിമാരുടെ സ്ഥാപനങ്ങളായ പള്ളികളുടെയും സ്കൂളുകളുടെയും ഒരു ലഘുചരിത്രം പറയുന്ന ഒന്നായിരുന്നു. 1925-ൽ എസ്. സുബ്രഹ്മ അയ്യർ തയ്യാറാക്കിയ Economic Life In A Malabar Village എന്ന പഠനവും അതേപോലെ ശ്രദ്ധേയനായ നരവംശശാസ്ത്രജ്ഞൻ

എ. അയ്യപ്പൻ ഗ്രാമീണമേഖലകളിൽ നടത്തിയ ഗവേഷണങ്ങളും ഈ മേഖലയിൽ എടുത്തുപറയേണ്ടതാണ് (Aiyappan, 1965). കൊളോണിയൽ ജ്ഞാനവ്യവസ്ഥയുടെ പരിസരത്തു നിന്നുകൊണ്ട് ഇത്തരത്തിൽ നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. അവയാകട്ടെ ഭരണകൂടത്തെ സഹായിക്കുന്നതിനും അധിനിവേശത്തെ ബലപ്പെടുത്തുന്നതിനും വേണ്ടിയാണ് എഴുതപ്പെട്ടത്. ഗ്രാമീണ മേഖലകളിലെ ചില സാമൂഹിക അനുഭവങ്ങൾ അവർക്കു ശേഖരിക്കാൻ സാധിച്ചെങ്കിലും കീഴാള-ദലിതു ജീവിതങ്ങളുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് അവയ്ക്ക് സാധിച്ചിരുന്നില്ല. ഗ്രാമീണമേഖലയിൽ നിന്നുള്ള നേരിട്ടുള്ള വിവരണങ്ങൾ എന്നതിനപ്പുറമായി പ്രാദേശികചരിത്രം എന്ന നിലയിൽ അവയെ കാണുന്നതിനു ചില പരിമിതികളുണ്ട്. പ്രത്യേകിച്ച് ഇവയിലൊന്നും തന്നെ സൈദ്ധാന്തിക അടിത്തറയിലൂന്നിയ വിശകലനങ്ങളോ, താരതമ്യമോ ഒന്നുംതന്നെ ഇല്ലായിരുന്നു.

ഒരു പ്രദേശത്ത് അരങ്ങേറിയ പ്രക്രിയകളുടെയും ജനജീവിതത്തിന്റെയും രേഖയാണ്, അല്ലെങ്കിൽ അതിനെക്കുറിച്ചുള്ള ആഖ്യാനമാണ് പ്രാദേശികചരിത്രമെന്ന് നമുക്ക് വിവക്ഷിക്കാം. പ്രാദേശികചരിത്രം എന്നത് ഒരു പ്രത്യേക സ്ഥലത്തെയോ പ്രദേശത്തെയോ മുൻകാലങ്ങളിലെ ആളുകൾ, സംസ്കാരം, സംഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനമാണ്. സമൂഹത്തിന്റെയും സ്വത്വത്തിന്റെയും ബോധം കെട്ടിപ്പടുക്കുന്ന അടിത്തറയാണിത്. ചരിത്രപരമായ സംഭവങ്ങളും വ്യക്തികളും പ്രസ്തുതപ്രദേശത്തിന്റെ വികസനത്തെ എങ്ങനെ ബാധിച്ചുവെന്ന് ഇത് സൂക്ഷ്മമായി പരിശോധിക്കുന്നു, അതോടൊപ്പം ഭൂതകാലത്തെക്കുറിച്ചും വർത്തമാനകാലത്തെ എങ്ങനെ രൂപപ്പെടുത്തി എന്നതിനെക്കുറിച്ചും ആഴത്തിലുള്ള ധാരണ നൽകുന്നു. പ്രാദേശികചരിത്രം എന്നതു കേവലം ദേശീയചരിത്രമല്ല, മറിച്ച് ഒരു നിശ്ചിത ഭൂമിശാസ്ത്രപരമായ പ്രദേശത്തിന്റെ മുൻകാല സംഭവങ്ങളെക്കുറിച്ചുള്ള പഠനമാണ്, അതു വൈവിധ്യമാർന്ന തെളിവുകളെ അടിസ്ഥാനമാക്കിയുള്ളതും പ്രാദേശികവും ആഗോളവും ദേശീയവുമായ ഒരു താരതമ്യ പശ്ചാത്തലത്തിൽ സ്ഥാപിക്കപ്പെടുന്ന ഒന്നുമാണ്.

കഴിഞ്ഞ കുറച്ചു നാളുകൾക്കിടയിൽ കേരളത്തിലെ അക്കാദമികസമൂഹം പ്രാദേശികചരിത്രരചനകളെ പ്രോത്സാഹിപ്പി

ച്ചുകൊണ്ടിരിക്കുകയാണ്. പ്രദേശമെന്ന സങ്കല്പത്തെക്കുറിച്ചും പ്രാദേശികചരിത്രം എന്ത്, എന്തിന്, എങ്ങനെ തുടങ്ങിയ ചോദ്യങ്ങളെ മുൻനിർത്തിയുമുള്ള വിശകലനങ്ങൾ കേരളത്തിൽ നിരവധി ചരിത്രകാരന്മാർ നടത്തിയിട്ടുണ്ട് (Oommen and Webster 2002; Nair and Menon 2007; Mohan 2007; Ganesh 2011; Shinas and Vincent 2016; എബ്രഹാം 1980; പണിക്കർ 2010; ആദർശ് 2013, പോൾ 2022). സാമ്പ്രദായികചരിത്രരചനയുടെ ഉപാദാനങ്ങളുടെ പട്ടികയിൽ ഇടംപിടിക്കാത്തെ സ്രോതസ്സുകളെ ചരിത്രരചനയിലേക്ക് കൊണ്ടുവരുന്ന എന്നതാണ് പ്രാദേശികചരിത്രരചനയുടെ മൗലികസംഭവന. ഉദാഹരണമായി പറഞ്ഞാൽ ജോർജ്ജ് ഉമ്മൻ, ജോൺ സി. ബി. വെബ്സ്റ്റർ പോലുള്ള പ്രമുഖ ദൈവശാസ്ത്രജ്ഞർ ദലിത് ക്രൈസ്തവ പള്ളികളിൽ സൂക്ഷിച്ചിരിക്കുന്ന സ്നാന രജിസ്റ്റർ (baptism register), മരണ രജിസ്റ്റർ, വിവാഹ രജിസ്റ്റർ തുടങ്ങിയവ പരിശോധിച്ചാൽ നിരവധി സാമൂഹ്യാനുഭവങ്ങൾ വായിച്ചെടുക്കാൻ സാധിക്കുമെന്നു തെളിയിച്ചവരാണ് (Oommen and Webster 2002). ദലിത് ക്രൈസ്തവരുടെ സൂക്ഷ്മചരിത്രങ്ങൾ എഴുതപ്പെട്ടിട്ടില്ലെന്നും അതേപോലെ ഏറ്റവും അടിത്തട്ടിലെ ചരിത്രവും ഓർമ്മകളും വിസ്മരിക്കാൻ പാടില്ലെന്നുമുള്ള ഒരു നിഗമനത്തിലാണ് ഇവർ രണ്ടാളുകളും ഇങ്ങനെ ഒരു പുസ്തകം എഡിറ്റ് ചെയ്തത്. പള്ളികളിൽ സൂക്ഷിച്ചിരിക്കുന്ന സ്നാന രജിസ്റ്റർ, മരണ രജിസ്റ്റർ, വിവാഹ രജിസ്റ്റർ തുടങ്ങിയവ പ്രാദേശികചരിത്രരചനയിലെ ഉപാദാനങ്ങളാണെന്നും അവരുടെ പഠനം വെളിപ്പെടുത്തിത്തരുന്നുണ്ട്. പള്ളികളിൽ നിന്നും ലഭിക്കുന്ന രജിസ്റ്ററുകൾ പരിശോധിച്ചാൽ സഭയിൽ അംഗങ്ങളായവരുടെ തൊഴിലിടത്തെ കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നു, ഇത് ഒരേസമയം അവരുടെ സാമ്പത്തികാവസ്ഥയുടെ സൂചകം കൂടിയാണ്. മാത്രമല്ല ദലിത് ക്രിസ്ത്യാനികളുടെ പൊതുവിലുള്ള ജോലി എന്താണ് എന്നും ഈ രേഖകൾ വ്യക്തമാക്കിത്തരുന്നു. മരണ രജിസ്റ്ററിൽ മരണത്തിന്റെ കാരണം എന്ന ഒരു കോളം ഉണ്ട്, അതിൽ വ്യക്തമായി മരണകാരണം രേഖപ്പെടുത്തിയിട്ടുണ്ടാകും. രോഗങ്ങളെക്കുറിച്ചും പകർച്ച വ്യാധികളെക്കുറിച്ചുമുള്ള നിരവധി തെളിവുകൾ ഈ രജിസ്റ്ററിലൂടെ ലഭിക്കുന്നുണ്ട്. അതേപോലെ ആരാധനാരജിസ്റ്റർ സഭകളിൽ

സൂക്ഷിച്ചിട്ടുണ്ട്. ആരാധനയിൽ ആരൊക്കെയാണ് നേതൃത്വം നൽകിയത്, എന്തെല്ലാം വിഷയങ്ങളാണ് പ്രസംഗിച്ചത് തുടങ്ങിയ കാര്യങ്ങൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ നിരവധി രേഖകൾ ദലിത് ക്രൈസ്തവർക്കിടയിലുണ്ടെന്നും, ഇതുപയോഗിച്ച് ഒരു സാമൂഹികവിശകലനം സാധ്യമാണ് എന്നും ജോർജ് ഉമ്മനും വെബ്സ്റ്ററും കൂടി അവരുടെ പുസ്തകത്തിലൂടെ തെളിയിക്കുന്നുണ്ട്. പ്രാദേശികചരിത്രരചന എന്നാൽ പ്രദേശികമേഖലയിലെ പുരാശേഖരത്തിന്റെ വീണ്ടെടുപ്പ് കൂടിയാണ്.

ഒരു ജനസമൂഹം സ്വന്തം ജീവിതോത്പാദനത്തിന്റെ ഭാഗമായി എങ്ങനെ അറിവുകളും ജീവിതരീതികളും സൃഷ്ടിക്കുന്നു എന്ന അന്വേഷണത്തിനാണ് പ്രാദേശികചരിത്രരചന കൂടുതൽ ഊന്നൽ നൽകുന്നത് (ഗണേഷ് 2011: 171). സാധാരണഗതിയിലുള്ള ചരിത്രമെഴുത്ത് തെളിവുകളുടെ, പ്രത്യേകിച്ച് ആർക്കൈവ്സിൽ നിന്നും ലഭിക്കുന്ന രേഖകളുടെയും മറ്റ് എഴുതപ്പെട്ട തെളിവുകളുടെയും അടിസ്ഥാനത്തിലാണെങ്കിൽ പ്രാദേശികചരിത്രരചനയ്ക്ക് വേണ്ടത്ര എഴുതപ്പെട്ട തെളിവുകൾ ലഭിക്കണമെന്നില്ല. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ചരിത്രം സാധാരണഗതിയിൽ എഴുതുന്നത് എഴുതപ്പെട്ട, രേഖപ്പെടുത്തിയ സ്രോതസ്സുകളുടെ അല്ലെങ്കിൽ മനുഷ്യന്റെ ജീവിതത്തിൽനിന്നു നമുക്ക് ലഭിക്കാവുന്ന അടയാളങ്ങളുടെ അടിസ്ഥാനത്തിലാണ്. ഒരുപക്ഷേ, ഒരു ചെറിയ പ്രദേശത്തിന്റെ ചരിത്രമെഴുതാൻ ശ്രമിക്കുമ്പോൾ അത്തരം സ്രോതസ്സുകൾ ലഭ്യമായി എന്നുവരില്ല. ഉദാഹരണത്തിന് രേഖകളുടെ കാര്യമെടുക്കുകയാണെങ്കിൽ ശിലാലിഖിതങ്ങളുടേയോ അല്ലെങ്കിൽ ആർക്കിയോളജിക്കൽ തെളിവുകളുടെയോ പിന്നാലെ പോകുന്നവർക്ക് ഒരുപക്ഷേ അത്തരം രേഖകൾ ലഭിച്ചുവെന്ന് വരികയില്ല (പണിക്കർ, 2010: 144). അപ്പോൾ സ്വാഭാവികമായും എന്തുപയോഗിച്ചു കൊണ്ടാണ് പ്രാദേശികചരിത്രം എഴുതുക എന്ന പ്രശ്നമുയരുന്നു. ഇതിനെ മറികടക്കുവാനായി വാമൊഴി, ഓർമ്മകൾ, നാടൻപാട്ടുകൾ, നാടോടിക്കഥകൾ, ഐതിഹ്യങ്ങൾ, നാട്ടുനടപ്പുകൾ, നാട്ടറിവുകൾ തുടങ്ങി മനുഷ്യർക്കിടയിൽ സജീവമായി നിൽക്കുന്ന സ്രോതസ്സുകളെയാണ് നാം പ്രാദേശികചരിത്രരചനയ്ക്കായി ഉപയോഗിക്കുന്നത്. ഈ കാരണത്താൽ വാമൊഴിരേഖകൾ കൊ

ണ്ടുമാത്രം നിർമ്മിക്കാൻ സാധിക്കുന്ന ഒന്നാണ് പ്രാദേശികചരിത്രം എന്ന് അർത്ഥമില്ല.

കേരളത്തിന്റെ സാഹചര്യത്തിൽ പ്രാദേശികചരിത്രരചന, അവയ്ക്ക് ഉപയോഗിക്കാൻ സാധിക്കുന്ന വാമൊഴി, വരമൊഴി സ്രോതസ്സുകൾ തുടങ്ങി പുതിയ സ്രോതസ്സുകൾ എങ്ങനെ തുറക്കാൻ സാധിക്കുമെന്നുമെല്ലാം നിലവിൽ വിശദമാക്കപ്പെട്ടിട്ടുണ്ട്. പുരാശേഖരങ്ങളിലെയും ക്രമരഹിത പുരാശേഖരങ്ങളിലെയും (Unarchived) രേഖകൾ ഉപയോഗിച്ച് ചില പ്രാദേശികപഠനങ്ങൾ സാധ്യമാണ്. ഡയറി, നോട്ടീസ്, മിനിട്സ് റിപ്പോർട്ടുകൾ, ലഘുലേഖകൾ തുടങ്ങി ക്രമരഹിത പുരാശേഖരരേഖകൾക്കും ഭൂതകാല അനുഭവങ്ങൾ പറയാനുണ്ട് എന്ന ചില പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട് (മഞ്ചാടിക്കരി ഒളിച്ചോട്ടത്തിന്റെ വിമോചന ദൈവശാസ്ത്രം, Dalit Conversion Memories in Colonial Kerala and Decolonisation of knowledge). പ്രത്യേകിച്ച് പി. സനൽ മോഹന്റെ പഠനങ്ങൾ ക്രമരഹിതമായ പുരാശേഖരങ്ങളും പ്രാർത്ഥനകളുമെല്ലാം ചരിത്രരചനയ്ക്ക് ഉപകാരപ്പെടുന്ന സ്രോതസ്സുകളാണെന്നു കാണിച്ചുതന്നിട്ടുണ്ട് (Creation of social space through prayers among Dalits in Kerala, India, Journal of Religious and Political Practice). അതേപോലെ ദേശീയവും ആഗോളവുമായ സാഹചര്യങ്ങളുമായുള്ള ബന്ധത്തിൽ സാന്ദർഭികവൽക്കരിക്കപ്പെടുമ്പോൾ മാത്രമേ ഒരു പ്രദേശത്തിന്റെ ചരിത്രം അർത്ഥപൂർണ്ണമാകുകയുള്ളൂവെന്ന് തെളിയിക്കുന്ന പ്രൊഫ. കെ.എൻ. ഗണേഷിന്റെ മേൽനോട്ടത്തിൽ തിരൂരങ്ങാടിയെ കുറിച്ച് നടന്ന പഠനവും (Socio-cultural Processes and Livelihood Patterns at Tirurangadi- A Micro Historical Study, 2007), നടുവണ്ണൂർ ഗ്രാമത്തെ കുറിച്ചു പ്രൊഫ. സനൽ മോഹൻ നടത്തിയ (Dynamics of Social Transformation in a Village; A case study of Naduvannur Village in Kerala, 2007) പഠനവുമെല്ലാം പ്രത്യേകം എടുത്തു സൂചിപ്പിക്കേണ്ടവയാണ്. ഇത്തരത്തിൽ പ്രാദേശികചരിത്രരചനകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എങ്ങനെയാണ് ഇതിനുള്ളിൽ ഒരു ദലിത് പരിപ്രേക്ഷ്യം സാധ്യമാക്കുക എന്ന ചോദ്യം വളരെ പ്രസക്തമാണ്. ഈ വിമർശന പരിപ്രേക്ഷ്യമാകട്ടെ നിലവിലെ കേരള ചരിത്രരചനകളോട് മൗലികമായ

ചില ചോദ്യങ്ങൾ ഉന്നയിക്കാൻ ശേഷിയുള്ളതുമാണ് എന്ന കാരണത്താൽ പ്രാദേശികചരിത്രത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് കേരളത്തിന്റെ ചരിത്രരചനയിൽ ദലിത് അനുഭവങ്ങളെ എങ്ങനെയെല്ലാമാണ് വിശകലനം ചെയ്തിരിക്കുന്നത്, എന്താണ് ദലിത് ചരിത്രരചന എന്ന ബദൽ ചരിത്രരചന എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പരിശോധിക്കേണ്ടതാണ്.

**ദലിത് ചരിത്രരചന**

1990-കൾ മുതൽ തെക്കേ ഏഷ്യയിലെ സാഹിത്യ- സാമൂഹികശാസ്ത്രമേഖലയിൽ സൈദ്ധാന്തികമായ ഇടപെടലുകൾ നടത്തുന്ന ഒരു വിജ്ഞാനശാഖയാണ് ദലിത് പഠനങ്ങൾ (Dalit Studies). കീഴാളപഠനങ്ങൾ (Subaltern Studies) ഉൾപ്പെടയുള്ള ചരിത്രരചനാ സ്കൂളുകൾക്ക് മേൽ ആധികാരികമായ വിമർശനം ഉന്നയിക്കാൻ സാധിച്ച ദലിത് പഠനങ്ങൾ വളരെ വേഗത്തിൽ തന്നെ ഇന്ത്യയിലെ അയിത്തജാതികളുടെ ചരിത്രത്തെയും, കോളനികാല പ്രാമാണികശേഖരങ്ങളെയും പുത്തൻ പരിപ്രേക്ഷ്യത്തിൽ അവതരിപ്പിക്കുകയുണ്ടായി. തെക്കെയേഷ്യയുടെ ചിത്രരചനാവ്യവഹാരത്തിൽ വേറിട്ട ചോദ്യങ്ങളുമായി രംഗപ്രവേശനം നടത്തിയ ചരിത്രരചനാ സ്കൂളായിരുന്നു കീഴാളപഠനങ്ങൾ. കൊളോണിയൽ സ്രോതസ്സുകളുടെ സഹായത്താൽ മുഖ്യധാരാ ചരിത്രരചയിതാക്കൾ അനൗദ്യോഗികവും ആധികാരികമല്ലാത്തത് എന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നതുമായ അനുഭവങ്ങളെ ചരിത്രവത്കരിക്കാനും, അതോടൊപ്പം ദേശരാഷ്ട്രം, മൂലധനം, സാമൂഹികവർഗ്ഗങ്ങൾ തുടങ്ങിയവയെ ഇന്ത്യയുടെ സാഹചര്യത്തിൽ വേറിട്ട് അവതരിപ്പിക്കുന്നതിനു തുടക്കം കുറിച്ചതും കീഴാളപഠന കൂട്ടായ്മയായിരുന്നു. മാർക്സിയൻ ചരിത്രരചനാപദ്ധതികളോട് ഒരുപരിധിയോളം ചേർന്ന് നിൽക്കുന്നതും അതിൽ നിന്ന് ഉരുത്തിരിഞ്ഞ ചോദ്യങ്ങളുമായിരുന്നു അവർ പ്രധാനമായും മുൻപോട്ടുവെച്ചിരുന്നത്. കൊളോണിയൽ കാലത്തെ സാമ്പത്തികവും സാമ്പത്തികേതരവുമായ അവസ്ഥകളെക്കുറിച്ച് നിരവധി പഠനങ്ങൾ വന്നെങ്കിലും ഇവർ ദളിത് വിഭാഗത്തിനെ കേന്ദ്രസ്ഥാനത്തു നിർത്തി ചരിത്രവിജ്ഞാനീയത്തോടു വേറിട്ട ചോദ്യങ്ങൾ ഒന്നുംതന്നെ ചോദിച്ചിരുന്നില്ല എന്ന് നിരീക്ഷിക്കപ്പെട്ടി

ട്ടുണ്ട് (Das 2015: 60-65). കീഴാള പഠനപദ്ധതികളിൽ നിന്നും വേറിട്ടതായിരുന്നു ദലിത് പഠനം.

ജാതിവിരുദ്ധ ആശയമായി മാനുഷിക അന്തസ്സിനെ (Human Dignity) എങ്ങനെ സാമൂഹ്യശാസ്ത്ര രചനകളിൽ കൊണ്ടുവരാം എന്നുള്ളതായിരുന്നു ദലിത് സ്കൂളിന്റെ അന്വേഷണം. കീഴാളപഠനങ്ങൾ ഉൾപ്പെടെയുള്ള ചിത്രരചനാ സ്കൂളുകളുടെ വിശകലന അന്വേഷണമേഖലകളിൽ നിന്നും വ്യത്യാസപ്പെട്ട് മനുഷ്യാന്തസ്സിനേയും, സാമൂഹിക അംഗീകാരത്തെയും (social recognition) കേന്ദ്രബിന്ദുവാക്കികൊണ്ട് പുതിയ തരത്തിലുള്ള സാമൂഹ്യശാസ്ത്രവിശകലനമാണ് ദലിത് പഠനകൂട്ടായ്മ നിർവഹിച്ചത്. 2016-ലാണ് ദലിത് പഠനങ്ങളുടെ ഒന്നാമത്തെ വോള്യം ഇറങ്ങുന്നതെങ്കിലും അതിനു മുൻപേ തന്നെ ബ്രിട്ടിഷ് പുരാശേഖരങ്ങൾക്ക് ഉള്ളിലും പുറത്തുമായി രേഖപ്പെടുത്തപ്പെട്ട ദലിത് ജീവിതങ്ങളെ സൈദ്ധാന്തിക പിന്തുണയോട് കൂടി വ്യാഖാനിച്ച പി. സനൽ മോഹൻ, റാംനാരായൺ എസ്. റാവുത്ത് തുടങ്ങിയവരുടെ ഗവേഷണങ്ങൾ നിലവിലെ പ്രബല ചരിത്രരചനാ സ്കൂളുകളോട് മൗലികമായ ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു (Rawat 2012; Mohan 2015; Satyanarayana and Rawat 2016). ഇന്ത്യയിലെ അക്കാദമിക ചരിത്രരചനകളിൽ സൈദ്ധാന്തികവത്കരിക്കപ്പെടാത്ത വിമർശനചിന്തകളായിരുന്നു ഈ കൂട്ടായ്മയിലൂടെ ഉയർന്നു വന്നത്, മാത്രമല്ല അംബേദ്കർ ചിന്തയുടെ സ്വാധീനം കാണിക്കുന്ന ഒരു ചരിത്രചിന്തകൂടിയാണ് ദലിത് പഠന കൂട്ടായ്മ മുൻപോട്ട് വെച്ചത്. ജാതി അധികാരത്തെ പ്രശ്നവത്കരിക്കുന്ന അപഗ്രഥനങ്ങളും, അതോടൊപ്പം ചരിത്രപരമായ അനീതി, മാന്യത, അന്തസ്സ് തുടങ്ങിയ വളരെ പ്രധാനപ്പെട്ട ചോദ്യങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള സാമൂഹ്യശാസ്ത്ര അന്വേഷണങ്ങളാണ് ദലിത് സ്കൂൾ ഗവേഷകർ നടത്തിവരുന്നത്.

സ്വാതന്ത്ര്യാനന്തര കേരളത്തിലെ അക്കാദമികസമൂഹത്തിന്, ഇന്ത്യയുടെ ചിത്രരചനാവ്യവഹാരത്തിൽ മാറിമാറി വരുന്ന ആധുനിക ചിത്രരചനാപദ്ധതികളുമായി ചേർന്നു നിൽക്കുന്നതിനോ അല്ലെങ്കിൽ അവയ്ക്കു നേരെ വിമർശനം ഉന്നയിക്കുന്നതിനോ സാധിച്ചിരുന്നില്ല. തങ്ങളുടെ വിശകലന സംവർഗ്ഗങ്ങളുടെ സ്വാഭാവത്തിലും, സ്രോതസ്സുകളിലും പൊതുവെ തൃപ്തരായിരുന്ന ചരി

ത്രകാരന്മാരായിരുന്ന കേരളത്തിൽ ഉണ്ടായിരുന്നത്. തെക്കേ ഏഷ്യൻ പഠനമേഖലയിൽ കീഴാളപഠനങ്ങൾ പ്രതിനിധാനം ചെയ്ത ചരിത്രരചനാശാസ്ത്രപരമായ ഇടപെടലുകൾക്കൊത്തുയരാൻ അതേകാലത്ത് സജീവമായിരുന്ന കേരളത്തിലെ അക്കാദമിക് ചരിത്രകാരന്മാർക്ക് കഴിഞ്ഞിരുന്നില്ല എന്ന പിന്നോക്കാവസ്ഥയെ മൈക്കിൾ തരകൻ, സനൽ മോഹൻ തുടങ്ങിയവർ നിരീക്ഷിച്ചിട്ടുണ്ട് (തരകൻ 1992:5-9; മോഹൻ 2012: 48-58). പ്രത്യേകിച്ച് ആധുനികചരിത്രം കൈകാര്യം ചെയ്യുന്ന കേരളത്തിലെ ചരിത്രകാരന്മാർ ഗൗരവമായ രീതിയിൽ ദേശീയതലത്തിൽ വികസിച്ചുവന്ന ചരിത്ര വൈജ്ഞാനിക മേഖലയിലെ അക്കാദമിക സംവാദങ്ങളിൽ ഭാഗമായിരുന്നില്ല.

കീഴാളപഠനപദ്ധതിയുടെയും അതു സൃഷ്ടിക്കാനുദ്ദേശിച്ച വിമർശനാത്മക രാഷ്ട്രീയ ഇടത്തിന്റെയും പൂർണമായ പ്രാധാന്യം ഗ്രഹിക്കാൻ കേരളത്തിലുണ്ടായ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടിരുന്നു. പ്രത്യേകിച്ച് ജനപ്രിയചരിത്രരചനകളിൽ ഇത് കൂടുതൽ ദൃശ്യമായിരുന്നു. ജനപ്രിയ എഴുത്തു മേഖലയിലാകട്ടെ കീഴാളപഠനങ്ങളും ദലിത് പഠനങ്ങളും കൂടിക്കുഴഞ്ഞ അവസ്ഥയിലുമായിരുന്നു. “കീഴാള ഭൂതകാലമെന്നത് സാമൂഹ്യമായി കീഴേക്കിടയിലുള്ളതോ, കീഴാളമായതോ ആയ വിഭാഗങ്ങളുടെയോ ന്യൂനപക്ഷ അസ്തിത്വങ്ങളുടേതോ മാത്രമല്ല, അധീശസ്ഥാപനങ്ങളുടെ ‘വൻ’ ആഖ്യായികകളാൽ കീഴേക്കിടയിലാക്കപ്പെട്ട ജീവിതലോകങ്ങളിൽ പങ്കാളിത്തമുള്ളടത്തോളം വരേണ്യ- അധീശവിഭാഗങ്ങൾക്കും കീഴാളഭൂതകാലങ്ങളുണ്ടാവാം (ചക്രവർത്തി 2006: 218)”. ഈ തിരിച്ചറിവാണ് കേരളത്തിലെ ഒരു വിഭാഗം ചരിത്രരചയിതാക്കൾക്ക് ഇല്ലാതെപോയത്. ‘പട്ടിക ജാതിക്കാരെ കുറിച്ചെഴുതുന്നതോ പട്ടിക ജാതിക്കാർ എഴുതുന്നതോ ആയ എന്തും കീഴാളപഠനം’ എന്നതായിരുന്നു മലയാളിസമൂഹത്തിന്റെ ചിന്ത. ഈ തെറ്റായ പൊതുബോധം ഇത്രത്തോളം വ്യാപിക്കുന്നതിനു പിന്നിൽ കേരളത്തിലെ അക്കാദമികപണ്ഡിതരുടെ നിശബ്ദതയാണ് പ്രധാന കാരണം. ചരിത്രരചനകളെയും, ചരിത്രരചനയിലെ പുതിയ പ്രവണതകളെയും പൊതുസമൂഹത്തിൽ അവതരിപ്പിക്കുന്നതിൽ കേരളചരിത്രകാരന്മാർ പരാജയപ്പെട്ടിരുന്നു എന്നതാണ് ഇതിൽ നിന്നുണ്ടാകുന്ന തിരിച്ചറിവ്. എന്നാൽ

പോൾ ചിറക്കരോട്, കല്ലറ സുകുമാരൻ, ടി. എച്ച്. പി. ചെന്താര ശ്ശേരി, കെ.കെ. കൊച്ച്, കെ.എം. സലിംകുമാർ, കുന്നുകുഴി എസ്. മണി, ചെറായി രാംദാസ്, കവിയൂർ മുരളി തുടങ്ങിയവരുടെ ജന പ്രിയരചനകൾ സാമ്പ്രദായികചരിത്രരചനകളോട് കലഹിച്ചു കൊണ്ട് രംഗത്തെത്തുകയും കേരളചരിത്രരചനകളിലും പൊ തുസമൂഹത്തിലും കൃത്യമായ ദൃശ്യത മുൻകാല അടിമജാതിയുടെ ചരിത്രത്തിനു നേടിക്കൊടുക്കുകയും ചെയ്തു. സാമ്പ്രദായിക ചരി ത്രരചനകളെ, സ്ഥിരപ്രതിഷ്ഠയെ തള്ളിക്കളയുന്നതിനും ദലിതരു ടെ ശബ്ദം കേൾപ്പിക്കുന്നതിനും ഇവരുടെ ചരിത്രമെഴുത്തുകൾക്കു സാധിച്ചു. പ്രാദേശിക സ്രോതസുകളുടെ പിൻബലത്താൽ, പ്ര ത്യേകിച്ചു വാമൊഴിയെ അടിസ്ഥാനമാക്കി വികസിച്ച ഇവരുടെ ചരിത്രരചനകളിലൂടെ മുഖ്യധാരാ ചരിത്രത്തിൽ ഇടം നല്കാത്ത ദലിത് നേതാക്കളുടെ പേരുകൾ ഉയർന്നു കേൾക്കാനും തുടങ്ങി. നിരവധി എഴുത്തുകാർ ഇതിനു പിന്നാലെ രംഗത്ത് എത്തുകയു ണ്ടായി. പല പ്രാദേശിക അനുഭവങ്ങളെയും അവർ പൊതുസ മൂഹത്തിൽ അവതരിപ്പിക്കുകയുണ്ടായി. ഇതിനാകട്ടെ വലിയ ഒരു തുടർച്ചയുണ്ടാകുകയും ചെയ്തു. വ്യാപകമായി ഇന്നും ആളുകൾ ഇത്തരം ജനപ്രിയചരിത്രരചനകൾ നടത്തിക്കൊണ്ടുമിരിക്കുക യാണ്. ഇതേകാലത്ത് തന്നെ ഈ ചരിത്രരചനാപദ്ധതി സൈ ദ്ധാന്തികമായി നിർവചിക്കപ്പെടുകയും ചെയ്തു.

അംബേദ്കർ ദർശനങ്ങളുടെ സ്വാധീനം കാണിക്കുന്ന ഒരു ചരിത്രചിന്തയാണ് ദലിത് പഠനക്കൂട്ടായ്മ മുൻപോട്ടുവച്ചത്. ജാതി അധികാരത്തെ പ്രശ്നവത്കരിക്കുന്ന അപഗ്രഥനങ്ങളും അതോ ടൊപ്പം ചരിത്രപരമായ അനീതി, മാന്യത, സമത്വം, അന്തസ്സ് തുടങ്ങിയ വളരെ പ്രധാനപ്പെട്ട സംജ്ഞകളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള സാമൂഹ്യശാസ്ത്ര അന്വേഷണങ്ങളുമാണ് ദലിത് സ്റ്റഡീസ് ഗവേഷകർ നടത്തിവരുന്നത്. എന്നാൽ കേരളത്തിൽ 1990-കൾക്കുശേഷം 'ദലിത്' എന്ന സംജ്ഞയെ കേന്ദ്രത്തിൽ നിർത്തിക്കൊണ്ട് ശക്തമായ ഒരു ബദൽ ചരിത്ര-സാഹിത്യ നിരൂപണ എഴുത്തുശാഖ വികസിച്ചുവന്നിരുന്നു. ഇതാകട്ടെ കേര ളത്തിലെ ഇടതുപക്ഷ എഴുത്തുകാരിലൂടെ സ്ഥിരപ്രതിഷ്ഠ നേടിയ മലയാളിത്ത സങ്കല്പങ്ങളോട്, പ്രത്യേകിച്ച് മാർക്സിയൻ എഴുത്തു കളിലൂടെ കടന്നു കൂടിയ സവർണ്ണ ജാതിബിംബങ്ങളെ ഇഴകീറി

വെളിപ്പെടുത്തി കൊടുക്കുന്നവയായിരുന്നു. കേരളത്തിലെ മാർക്സിയൻ സൗന്ദര്യശാസ്ത്രവീക്ഷണങ്ങൾ പൂർണ്ണമായും സവർണ്ണ ബിംബനിർമ്മിതി മാത്രമാണ് നടത്തുന്നതെന്ന തിരിച്ചറിവിൽ അതിനോടുള്ള വിയോജിപ്പെന്നനിലയിലാണ് ഈ ബദൽ എഴുത്തുശാഖ മലയാളത്തിൽ വികസിക്കപ്പെട്ടത്. മനുഷ്യസ്വാതന്ത്ര്യത്തെ സംബന്ധിച്ച ഉത്കണ്ഠകളായിരുന്നു ഈ രചനാരീതിക്ക് ഊർജ്ജമായി പ്രവർത്തിച്ചത്. "നമ്മെ കെട്ടിവരിയുന്ന ജാതി -വർണ്ണമൂല്യങ്ങൾക്കും അതിന്റെ സൗന്ദര്യബോധത്തിനുമെതിരെ ചരിത്രം കണ്ടെടുത്ത ആവിഷ്കാരമാതൃകയാണ് ദളിത് സാഹിത്യമെന്നാണ്" സാമൂഹ്യനിരീക്ഷകനായ സണ്ണി എം. കപിക്കാട് (1997: 9) പറയുന്നത്. ഇനി ദളിത് ചരിത്രരചനയാകട്ടെ നേതാവിന്റെയും ചില സാമൂഹികപ്രസ്ഥാനങ്ങളുടെയും രേഖീയമായ ചരിത്രം അവതരിപ്പിക്കുന്നതോ, പീഡനങ്ങളുടെയും ഓർമ്മകളുടെയും പട്ടിക നിരത്തുന്നതോ അല്ല; മറിച്ച്, ഒഴിവാക്കലുകൾ നിറഞ്ഞ ചരിത്രരചനാപദ്ധതികളിൽ ജാതി രൂപപ്പെടുത്തിയ സാമൂഹ്യാനുഭവങ്ങളെയും വ്രണിതഭൂതകാലത്തെയും വിമർശനപരമായി എഴുത്തിലൂടെ അവതരിപ്പിക്കുന്ന രചനാപദ്ധതിയാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ "ഏതെങ്കിലും ജാതികളോ വംശങ്ങളോ കേന്ദ്രത്തിലേക്ക് പുനഃസ്ഥാപനം ചെയ്യുന്നതല്ല ദളിത് വ്യവഹാരത്തിന്റെ പ്രമേയം. മറിച്ച്, കേന്ദ്രമായിരുന്നത് അസ്ഥിരപ്പെടുകയോ, നിർവ്വീര്യമാവുകയോ, ന്യൂനീകരിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ വ്യാപ്തി നേടുന്ന സവിശേഷമായ ഭൂമിശാസ്ത്രമാണിത്. നിലനിൽക്കുന്ന അധികാരം, ഭാഷ, പ്രതിനിധാനങ്ങൾ എന്നിവയിലെല്ലാം പ്രതിഫലിക്കുന്ന ഈ ഭൂമിശാസ്ത്രത്തെ ഒരന്യമായി കണക്കാക്കാം" (ബാബുരാജ്, 2006: 85). ഈ വിമർശനപരമായ എഴുത്തുകൾ എന്നത് നിലവിലെ മുഖ്യധാരാ ചരിത്രപദ്ധതികളുടെ സ്രോതസ്സുകളോടും സൈദ്ധാന്തികതയോടും മൗലികമായ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നതും അവയുടെ അതിർവരമ്പുകൾ കാട്ടിത്തരുന്നതുമായിരിക്കും. ദലിത് ചരിത്രരചനകളിലൂടെ വികസിക്കപ്പെടുന്നതും വിമർശനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുമായ സംജ്ഞകൾ സാമ്പ്രദായികചരിത്രരചനകളിൽ വേണ്ടത്ര പ്രധാന്യം ലഭിക്കാത്ത ഭൂതകാലാനുഭവങ്ങളാണ് എന്നതാണ് അതിന്റെ ഏറ്റവും വലിയ പ്രത്യേ

കത. ജാതിയും, ജാതീയപീഡനവും കേരളത്തിലെ ദലിതരുടെ സാമൂഹ്യാനുഭവമാണ്. ഇതിനെ പറയാതെയും വിശകലനം ചെയ്യാതെയും ദലിത് ചരിത്രരചന സാധ്യമല്ല. ദലിത് പ്രാദേശികചരിത്രരചനയിലാകട്ടെ ജാതിയുമായി ബന്ധപ്പെട്ട സാമൂഹികാനുഭവങ്ങളാണ് കൂടുതലായി വികസിപ്പിക്കപ്പെടുന്നത്.

**ദലിത് പ്രാദേശികചരിത്രരചന**

പ്രാദേശികചരിത്രരചനാരീതി കേരളത്തിൽ ജനകീയമായതിനു പിന്നിൽ കേരളത്തിലെ ഇടതുപക്ഷ സർക്കാരിന് (1996-2001) കാര്യമായ പങ്കുണ്ട്. പ്രാദേശികചരിത്രമെഴുത്ത് പദ്ധതി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഈ കാലഘട്ടത്തിൽ നടപ്പിലാക്കുകയുണ്ടായി. കേരളത്തിലെ പഞ്ചായത്തുകളുടെ പ്രാദേശികഗ്രാമചരിത്രം ഉൾപ്പെടുന്ന ഒരു മനുഷ്യ പ്രകൃതിവിഭവ രജിസ്റ്റർ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയെന്നതായിരുന്നു പദ്ധതിയുടെ മുഖ്യലക്ഷ്യം. ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി ഇതു വേഗം പ്രചാരത്തിലായി. എന്നാൽ ഇതിന്റെ ഫലമായി അച്ചടിച്ചിറക്കിയ പഞ്ചായത്ത് ചരിത്രങ്ങളിൽ ദലിതരുടെ ചരിത്രമില്ലാതെയാണ് പുറത്തിറങ്ങിയത്. ദലിതരുടെ വാസസ്ഥലചരിത്രമോ, അടിമത്തസ്മരണകളോ ഒന്നുംതന്നെ വേണ്ടവിധം രേഖപ്പെടുത്തിയിട്ടുമില്ല. പ്രാദേശികചരിത്രരചനയിലൂടെ ഒരു ദേശത്തെ തിരിച്ചറിയാനുള്ള ശ്രമത്തിനിടയിൽ നിന്നും ദലിതരെ ഒഴിവാക്കിനിർത്തിയുള്ള വിശകലനമാണ് അരങ്ങേറിയത്. പ്രത്യേകിച്ച് ഭൂവുടമസ്ഥതയുടെ ചരിത്രത്തെയും കർഷകത്തൊഴിലാളിപ്രസ്ഥാനങ്ങളുടെ ആദ്യകാല നേതാക്കളെയും സമരങ്ങളെയുമെല്ലാം ഒഴിവാക്കിക്കൊണ്ടാണ് പലയിടങ്ങളിലും പ്രാദേശികചരിത്രങ്ങൾ രചിക്കപ്പെട്ടത്. കേരളത്തിൽ ബഹുഭൂരിപക്ഷവും പ്രാദേശികചരിത്രം എഴുതിയത് അവരുടെ മഹത്തായ ഭൂതകാലത്തെ സ്ഥാപിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ്. ദേശീയപ്രസ്ഥാനങ്ങളിലെ പങ്ക്, വ്യാവസായിക-ഇതര മേഖലകളിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിച്ച വ്യക്തി, ഏതെങ്കിലും മതത്തിന്റെ പുരാതന തെളിവുകൾ ലഭിച്ച സ്ഥലം തുടങ്ങിയവയിൽ ഒന്നിനെ കണ്ടെത്തിക്കൊണ്ട് അവയെ ബൃഹദാഖ്യാനങ്ങളുടെ ഭാഗമാക്കി മാറ്റാനുള്ള ശ്രമങ്ങളാണ് പലപ്പോഴും പ്രാദേശികചരി

ത്രരചനകളിലൂടെ നടന്നിരുന്നത്. എന്നാൽ കേരളത്തിലെ ദലിത് പ്രാദേശികചരിത്രങ്ങൾ കേരളത്തോടു പറയുന്നത് മറ്റൊരു ചരിത്രരചനാമാതൃകയാണ്. സാധാരണ ജനങ്ങളുടെ സാമൂഹ്യ അനുഭവങ്ങളാണ് ഇതിന്റെ കാതൽ. ജാതി ഉപദ്രവങ്ങൾക്ക് പ്രതിരോധം തീർത്തതിന്റെ സൂക്ഷ്മതലങ്ങളെയാണ് ദലിത് പ്രാദേശികചരിത്രത്തിലൂടെ നമുക്കു കാണാൻ സാധിക്കുന്നത്. തന്നെയുമല്ല സാമ്പത്തിക മാനദണ്ഡങ്ങളാൽ അളക്കാൻ സാധിക്കാത്ത സാമൂഹ്യ അനുഭവങ്ങളാണ് ദലിത് പ്രാദേശികചരിത്രത്തെ മറ്റുള്ളവയിൽനിന്നും വേറിട്ടുനിറുത്തുന്ന പ്രധാനഘടകം. സാമ്പ്രദായിക ചരിത്രരചനയെ പിൻപറ്റിയുള്ള പ്രാദേശികചരിത്രരചനകളിൽ മനുഷ്യരുടെ അവബോധമണ്ഡലത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളെ വേണ്ടത്ര പരിഗണിക്കാറില്ല. എന്നാൽ ദലിത് പ്രാദേശികചരിത്രമാകട്ടെ മനുഷ്യരുടെ ബോധമണ്ഡലത്തിലുണ്ടാകുന്ന മാറ്റങ്ങളെയും, സാമൂഹ്യ അംഗീകാരത്തിനായി അവർ നടത്തുന്ന ഇടപാടുകളെയുമാണ് ചർച്ച ചെയ്യുന്നത്.

ദലിത് പ്രാദേശികചരിത്രത്തിൽ ജാതിയുമായി ബന്ധപ്പെട്ട നിരവധി മുഹൂർത്തങ്ങളെ നമുക്ക് കാണുവാൻ സാധിക്കുന്നുണ്ട്. മുൻകാല അടിമജാതികൾ ജാതിയെ പ്രതിരോധിക്കുന്നതും, സാമൂഹ്യാവസ്ഥ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നതുമെല്ലാണ് അവരുടെ ഭൂതകാലത്തിൽ നിറഞ്ഞു നിൽക്കുന്നത്. അതോടൊപ്പം മനുഷ്യൻ എന്ന തിരിച്ചറിവും, സാമൂഹിക അംഗീകാരത്തിനും, അന്തസ്സിനുമായി ദലിതർ നടത്തുന്ന മതസംബന്ധമായ പ്രവർത്തനങ്ങൾ, ക്രിസ്തുമത സ്വീകരണവും, തുല്യതയ്ക്കായുള്ള ശ്രമങ്ങൾ തുടങ്ങി സാമ്പ്രദായിക ചരിത്രരചനയിൽ ചർച്ച ചെയ്യപ്പെടാത്ത അനുഭവങ്ങളാണ് ദലിത് പ്രാദേശികചരിത്രത്തിൽ വിശകലനം ചെയ്യപ്പെടുന്നത്. സാമൂഹ്യ മേൽക്കോയ്മയേയും, സാമൂഹ്യമാറ്റത്തിനെയും തിരിച്ചറിയാനും അടുത്തറിയാനും സാധിക്കുന്നത് ഈ പരിപ്രേക്ഷ്യത്തിലാണ്. പ്രത്യേകിച്ച് കാർഷികമേഖലയിലെ പരിവർത്തനങ്ങളെയും അടിമ, അടിയാൻ, തൊഴിലാളി എന്നിങ്ങനെയുള്ള സാമൂഹ്യപദവികളെയും ഈ അനുഭവങ്ങൾക്കുള്ളിൽ സാമ്പത്തിക മാനദണ്ഡങ്ങളാൽ അളക്കാൻ സാധിക്കാത്ത സമത്വത്തിന്റെയും സാമൂഹ്യ അംഗീകാരത്തിന്റെയും ചരിത്രത്തെയുമാണ് ദലിത് പ്രാദേശിക

ചരിത്രരചനകൾ വെളിയിൽ കൊണ്ടുവരുന്നത്. അതോടൊപ്പം ആധുനികതയുമായി ക്രിയാത്മകമായി സംവദിക്കാൻ ശേഷിയുണ്ടായിരുന്ന ദളിതരുടെ ജീവിതത്തിലെ ചില മുഹൂർത്തങ്ങളെയാണ് ഈ പ്രാദേശിക ഭൂതകാലത്തിൽ പ്രധാനമായും കാണാൻ കഴിയുന്നത്.

ചരിത്രരചനയിൽ മാറി മാറി വരുന്ന പദ്ധതികളിൽ മനുഷ്യരുടെ മാനസിക മണ്ഡലത്തിനും മനുഷ്യാന്തസ്സിനും മുഖ്യ പരിഗണനകൊടുക്കുന്ന ദലിത് ചരിത്രരചന നിലവിലെ മലയാളികളുടെ പൊതുമണ്ഡലത്തിനു മേൽ ചില വിമർശനങ്ങൾ ഉന്നയിക്കുന്നുണ്ട്. ഇതു കേവലമായ ജാതിവാദമല്ല വെളിപ്പെടുത്തുന്നത്. സമകാലിക കേരളത്തിന്റെ ഭരണ-രാഷ്ട്രീയ-സാമ്പത്തിക മേഖലയിൽ ശക്തമായി നിലനിൽക്കുന്ന സവർണ്ണ ജാതി ആധിപത്യത്തിന്റെ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങളെ കൂടുതൽ വ്യക്തമാക്കി തരുന്നതിനും കേരളത്തിന്റെ ഭൂവുടമസ്ഥതയുടെയും ജാതി കോളനികളുടെയും ചരിത്രത്തെയും പൊതുസമൂഹത്തിനു മനസിലാക്കി കൊടുക്കുന്നതിനും ദലിത് പ്രാദേശികചരിത്രങ്ങൾ കൂടുതലായി എഴുതപ്പെടേണ്ടതാണ്. ഇന്നും ജനാധിപത്യ ബോധത്തിലേക്ക് എത്തിച്ചേരാത്ത, അധികാരയിടങ്ങളിൽ ജാതിയുടെ സർവാധിപത്യം നിലനിർത്തിയിരിക്കുന്ന, ദലിതരെയും ആദിവാസികളെയും ചൂഷണം ചെയ്യുന്ന മലയാളികളുടെ ജാതിബോധത്തെ മനസ്സിലാക്കി കൊടുക്കുവാനും സമൂഹത്തെ നവീകരിക്കുവാൻ ശേഷിയുള്ളതുമായ ഒരു രചനാപദ്ധതിതന്നെയാണ് ദലിത് പ്രാദേശികചരിത്രം എന്നതാണ് നാം തിരിച്ചറിയേണ്ടത്.

**സഹായക ഗ്രന്ഥങ്ങൾ**

എബ്രഹാം, ജോൺ, 1980 കുട്ടനാട്, ശാസ്ത്രസാഹിത്യ പരിഷത്ത്, തിരുവനന്തപുരം.

കപിക്കാട്, സണ്ണി, 1997 'മലയാളസാഹിത്യത്തിലെ ദലിത് സാന്നിദ്ധ്യം', ഭാഷാപോഷിണി, ഓഗസ്റ്റ്, പേജുകൾ 17-21.

ഗണേശ്, കെ.എൻ., 2011, കേരളപഠനങ്ങൾ, പ്രസക്തി, പത്തനംതിട്ട.

ചക്രവർത്തി, ദീപേഷ്, 2005 'ന്യൂനപക്ഷചരിത്രങ്ങൾ കീഴാളഭൂതകാലങ്ങൾ', കീഴാളപഠനങ്ങൾ (എഡി. സൂസി താരു, എസ്. സഞ്ജീവ്), ഡി.സി. ബുക്സ്, കോട്ടയം.

പണിക്കർ, കെ.എൻ., 2010 'പ്രതിരോധചരിത്രരചനയുടെ സാദ്ധ്യതകൾ', തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ (എഡി. പി.പി. ഷാനവാസ്), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

പോൾ, വിനിൽ, 2022 മഞ്ചാടിക്കരി ഒളിച്ചോട്ടത്തിന്റെ വിമോചന ദൈവശാസ്ത്രം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

ബാബുരാജ്, കെ. കെ., 2006 'വിഷയി, അന്യം, ഭാഷ', ദളിതപാതകൾ, (എഡി. ബോബി തോമസ്), സൈൻ ബുക്സ്, തിരുവനന്തപുരം.

ആദർശ്, സി., 2013 വിഭാവനകൾ വിനിമയങ്ങൾ കൊടുങ്ങല്ലൂരിന്റെ വ്യാവഹാരിക ഭൂമിശാസ്ത്രം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

Aiyappan, A., 1965 Social Revolution in Kerala Village: A Study in Culture Change, Asia Publishing House, New Delhi.

Caley, J., 1905 An Account of the Pastorates under the Native Church Councils in the Diocese of Travancore and Cochin, CMS Press, Cottayam.

Das, Kalyan, 2015 'subaltern Historiography to Dalit Historiography Tracing Heterogeneity

in Dalit 'Subalternity", Economic and Political Weekly, February, 50 (7), pp.60-65.

Mohan, P Sanal, 2015 Modernity of Slavery Struggles Against Caste Inequality in Colonial Kerala, Oxford University Press, New Delhi.

Ommen, George and John C. B. (Ed.), 2002 Webster's Local Dalit Christian History, ISPCK, Delhi.

Paul, Vinil. 2021 'Dalit Conversion Memories in Colonial Kerala and Decolonisation of Knowledge', South Asia Research, Vol. 41, No. 2, pp. 187-202.

Rawat, Ramnarayan, 2011 Reconsidering Untouchability: Chamars and Dalit History in North India, Indiana University Press, Bloomington.

Ramnarayan S. Rawat, K. Satyanarayana (Ed.), 2016 Dalit Studies, Duke University Press, Durham.

Shinas, A.M, Vincent P.J (Ed.), 2016 Local History: Quest for Theories and Method, SPCS, Kottayam.

Slater, Gilbert (Ed.), 1918 Some South Indian Villages, Oxford university press, Madras.

vinilbabypaul76@gmail.com